Official Monthly Bulletin

September 2013

# MARIAN




## St. Mary's Indian Orthodox Cathedral

P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com

*In Loving Memory of.....*



# N. Samuel Kutty (88)

**Died on 21-07-2013**

---

**By Sorrowing Family**
**Abraham Samuel, Shemily Abraham**
**Saptha ,Sathma & Aalbi**
**Padeekizhakethil, Kumily, Idukki**

# MARIAN

Monthly News Bulletin

**St. Mary's Indian Orthodox Cathedral**

Kingdom of Bahrain

September 2013, Issue VIII




## എഡിറ്റോറിയൽ

ഇന്നത്തെ ക്രൈസ്തവ സമൂഹത്തിൽ ഉപവാസം അനുഷ്ഠിക്കുന്ന അനേകരുണ്ട്. എന്നാൽ മനുഷ്യൻ അനുഷ്ഠിക്കുന്ന ഉപവാസങ്ങളെയും അവയുടെ ലക്ഷ്യങ്ങളേയും സർവ്വശക്തനായ ദൈവം സൂക്ഷ്മമായി നിരീക്ഷിക്കുന്നുവെന്ന് അധികമാരും ചിന്തിക്കാറില്ല. കഴിഞ്ഞ 70 വർഷങ്ങളായി തങ്ങൾ അനുഷ്ഠിച്ചുവരുന്ന ഉപവാസം തുടരണമോ എന്ന് തന്നോട് ചോദിക്കുന്ന പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും ദൈവം നൽകുന്ന മറുപടിയിൽ നിന്ന് മനുഷ്യൻ ദൈവസന്നിധിയിൽ അനുഷ്ഠിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്ന ഉപവാസങ്ങളുടെ ഉദ്ദേശശുദ്ധി സർവ്വജ്ഞാനിയായ ദൈവം സസൂഷ്മം നിരീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

ദൈവം അവരോട് : " **നിങ്ങൾ കഴിഞ്ഞ 70 വർഷമായി ഉപവസിക്കുകയും കരയുകയും ചെയ്തുവല്ലോ; വാസ്തവത്തിൽ നിങ്ങൾ എനിക്കുവേണ്ടിത്തന്നയോ ഉപവസിച്ചത്?"** (സെഖ.7:5) എന്ന ചോദ്യമാണ് ചോദിക്കുന്നത്. കാരണം ഈ ഉപവാസങ്ങൾ അവർ തങ്ങളുടെ സ്വന്തം തീരുമാനപ്രകാരം അനുഷ്ഠിച്ച ഉപവാസങ്ങളായിരുന്നു. ആ നീണ്ട 70 വർഷങ്ങൾ അവർ നടത്തിയ ഭക്ഷണവർജ്ജനങ്ങൾ ഉപവാസങ്ങളായി അത്യുന്നതനായ ദൈവം അംഗീകരിച്ചില്ല. കാരണം അവരുടെ കരച്ചിൽ തങ്ങളുടെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിൽ നിന്നുള്ളതല്ലായിരുന്നു. പിന്നയോ അത് അവരുടെ നഷ്ട ബോധത്തിൽനിന്നുണ്ടായ പ്രലപനങ്ങളായിരുന്നു. സ്നേഹവാനായ ദൈവത്തോട് വിശുദ്ധിയിൽ അലിഞ്ഞു ചേരുവാനയിരുന്നില്ല അവർ ഭക്ഷണം വെടിഞ്ഞത്. പ്രത്യുത അവരുടെ നഷ്ടപ്പെട്ട ദേശത്തോടും, കൊല്ലപ്പെട്ട നേതാവിനോടുമുള്ള സ്നേഹമായിരുന്നു അവരുടെ ഉപവാസങ്ങൾ. തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് അവ ഉപേക്ഷിച്ച് പുതിയ സൃഷ്ടികളായിത്തീരുന്ന ഉപവാസങ്ങളിലാണ് ദൈവം പ്രസാദിക്കുന്നത്. മറിച്ച് സ്വാർത്ഥതാൽപര്യങ്ങളോടെ, ഭൗതികലക്ഷ്യങ്ങളോടെ അനുഷ്ഠിക്കുന്ന ഉപവാസങ്ങൾക്ക് ദൈവസന്നിധിയിൽ നിന്ന് യതൊരു അനുഗ്രഹങ്ങളും നേടാൻ കഴിയാത്ത കേവലം ഭക്ഷണ വർജ്ജനങ്ങളായി മാത്രം തീരുന്നു. അപ്പോഴാണ് 'നിങ്ങളുടെ ഉപവാസം എനിക്കുവേണ്ടിത്തന്നെ ആയിരുന്നുവോ?' എന്ന ദൈവ ശബ്ദം നമുക്ക് കേൾക്കേണ്ടിവരുന്നത്.

വി. ദൈവമാതാവിൻെറ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് നാം അനുഷ്ഠിക്കുന്ന ഈ ഉപവാസവും പ്രാർത്ഥനകളും നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള അനുതാപത്തിൽ നിന്നുള്ളതായിരിക്കട്ടെ...

സ്നേഹപൂർവ്വം,

തോമസ്സ് വൈദ്യൻ പി.കെ.

ചീഫ് എഡിറ്റർ

**Memorial Day**

September 28



**H.G. Dr. Philipose Mar Theophilus**

( Former Bombay Diocesan Metropolitan)


**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John |
| Type Setting | : | Anu T. Koshy, Sam Philip |



Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



കർത്താവിൽ പ്രിയരെ,
"ബലമുള്ളതിനെ ലജ്ജിപ്പിപ്പൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരെഞ്ഞെടുത്തു" (1 കൊരി 1:27)
നമ്മുടെ പിതാവായ ദൈവം തൻെറ പ്രവർത്തികളെ നിവർത്തിപ്പാൻ ലോകത്തിലെ ഏറ്റവും താഴ്ച്ചയുള്ളതിനെയാണ് തെരെഞ്ഞെടുത്തത്. മനുഷ്യ ജാതികളുടെ പാപങ്ങളെ ചുമക്കുവാൻ വേണ്ടി ദൈവം സ്വന്ത പുത്രനെ തന്നെ ദാനമായി തന്നു. പാപം കൂടാതെ മനുഷ്യനായി, പാപികളായ മനുഷ്യരെ രക്ഷിപ്പാൻ സ്വന്തം പുത്രനെ തിരുഅവതാരം ചെയ്യിക്കാൻ ദൈവം തെരെഞ്ഞെടുത്ത പാത്രം വി. കന്യക മറിയാമായിരുന്നു. അസാധ്യങ്ങളെ സാധ്യമാക്കുന്ന ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചതാണ് മാതാവിൻെറ നീതി. (ലൂക്ക് 1: 26- 38) . പ്രിയരെ ദൈവാനുസരണം , വിശ്വാസം , താഴ്മ എന്നിവയുടെ നിറകുടമായിരുന്ന വി. ദൈവമാതാവിൻെറ ഓർമ്മയിലൂടെ സെപ്റ്റംബർ 1 - 8 വരെ നമ്മൾ കടന്നു പൊയ്കൊണ്ടിരിക്കുന്നു.

സ്ലീബാ പെരുന്നാൾ ഈ മാസം 14ാം തീയതി കൊണ്ടാടുകയാണല്ലോ.
പാപത്തിൻെറ പ്രവണതകളും ലോകത്തിൻെറ മോഹങ്ങളും നിയന്ത്രിച്ചും നിഹനിച്ചും കൊണ്ടും ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടിയായി (ഗലാ: 6:14,15) തീർന്നു കൊണ്ടാണ് നാം മിശിഹായുടെ വിജയ സ്ലീബായിൽ പ്രശംസിക്കേണ്ടത്. മശിഹായുടെ പീഡാനുഭവങ്ങളെ നമ്മളെ അനുസ്മരിപ്പിക്കുന്നതിനും, ക്രൈസ്തവ ജീവിതത്തിൽ നമുക്കുണ്ടാകുന്ന പീഡാനുഭവങ്ങളെ പരിശുദ്ധാത്മ ചൈതന്യത്താൽ സഹിക്കുന്നതിനും സ്ലീബാപെരുന്നാൾ നമ്മെ പ്രാപ്തരാക്കട്ടെ.

സെപ്റ്റംബർ 23 നു അൽവാറീസ്സ് മാർ യൂലിയോസ് തിരുമേനിയുടെ 90 ാം ഓർമ്മ കൊണ്ടാടുകയാണ്. ഗോവയിൽ ജനിച്ച് കത്തോലിക്ക സഭയിൽ നിന്നും 1887 ൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ചേരുകയും 1889 ൽ മലങ്കര സഭയുടെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണപ്പെടുകയും 1889- 1925 വരെ ഗോവയുടെയും സിലോൺ പ്രദേശങ്ങളുടെയും ചുമതല ഏൽക്കുകയും, സഭയുടെ വളർച്ചക്കു വേണ്ടി രക്തസാക്ഷിത്വം പ്രാപിക്കുകയും ചെയ്ത ഒരു വിശുദ്ധനായിരുന്നു അൽവാറീസ് മെത്രാപ്പോലീത്ത. 1923 ൽ തിരുമനസ്സ് കാലം ചെയ്തു.

ആഗോള ക്രൈസ്തവ സഭയിൽ ഓർത്തഡോക്സ് സഭയുടെ അംബാസിഡറായി അറിയപ്പെട്ട വ്യക്തിത്വമായിരുന്നു അഭി.ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടേത്. ദീർഘവീക്ഷണവും, ആഴമേറിയ കാഴ്ച്ചപ്പാടും, ചുമതലാ ബോധവും, എതിരാളികളെപ്പോലും ഉത്തമസുഹൃത്തായി മാറ്റുകയും ചെയ്യുന്ന ഒരു വ്യക്തിത്വമായിരുന്നു. 1997 സെപ്റ്റംബർ 28ന് തിരുമനസ്സ് കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കപ്പെട്ടു.

പ്രിയരെ ഈ പെരുന്നാളുകൾ എല്ലാം തന്നെ നമ്മുടെ ഇടവകയ്ക്ക് അനുഗ്രഹവും, സമാധാനവും ആയിതീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.
സ്നേഹപൂർവ്വം

ഫാ. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ

**E-mail: vattaparampilachen@gmail.com**
**Mob: 39445358**



സ്നേഹമുള്ള വിശ്വാസികളേ,

“ ഭൂമിയിലെ സകല വംശങ്ങളിൽ നിന്നു ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, വിശുദ്ധി ഉള്ളവളും, മഹത്വമുള്ളതും അനുഗ്രഹിക്കപ്പെട്ടവളും നിത്യ കന്യകയും ‘സർവ്വ തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും’ എന്ന് ദീർഘദർശനം ചെയ്തതുമായ ദൈവമാതാവായ മറിയാമിനെ പുകഴ്ത്തി ഭാഗ്യത്തിനു പങ്കാളിത്തം ലഭിക്കാനുള്ള അവസരം ഈ വർഷവും നമുക്ക് ലഭിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്താം. വരുന്ന എട്ടുദിവസങ്ങളിൽ ഇടവകയിൽ വലിയ സുവിശേഷ ചൈതന്യം വിതറുന്ന കാലമായും വി. കുർബ്ബാനാനുഭവം പ്രചുരമായി അനുഷ്ഠിക്കപ്പെടുന്ന സന്ദർഭമായും ധ്യാനവും ജീവിത സമർപ്പണവും വർദ്ധിച്ചിരിക്കുന്ന കാലവുമായി നമ്മൾ കണണം.

എട്ടുനോമ്പിൻെറ ചരിത്രം അവ്യക്തമാണെങ്കിലും ചില സുറിയാനി പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ നമുക്ക് വിസ്മരിക്കുവാനാവില്ല. പരി. ദൈവമാതാവിൻെറ കൂട്ടത്തിലുണ്ടായിരുന്ന യുവതികൾ ഒരു പ്രത്യേക നോമ്പ് ആചരിച്ചിട്ടുണ്ടായിരുന്നു എന്നാണ് സുറിയാനി സഭയുടെ പാരമ്പര്യം. എട്ടുനോമ്പാചരണത്തിൽ സ്ത്രീകളാണല്ലോ മുന്നിട്ട് നിൽക്കുന്നത്. ഈ നോമ്പ് പൗരസ്ത്യ ദേശക്കാർക്ക് മാത്രമായിരുന്നു എന്നുള്ളതും പ്രസക്തമാണ്.. ഇപ്പോൾ ബസ്രാ എന്നറിയപ്പെടുന്ന പട്ടണത്തിനടുത്ത് ‘ ഹിർറ്റോ’ എന്നൊരു സ്ഥലം ഉണ്ടായിരുന്നു. ആ പട്ടണവാസികൾ ക്രിസ്ത്യാനികളായിരുന്നു. അവിടുത്തെ സ്ത്രീകൾ വളരെ സുന്ദരികളായിരുന്നു എന്ന് കെസ്രുരാജാവിന് (590 എ.ഡി) അറിവ് കിട്ടി. കന്യകളെ പിടിച്ച് രാജാവിൻെറ അടുക്കലേക്ക് അയ്ക്കണമെന്ന് നാടുവാഴിക്ക് കൽപ്പന കിട്ടി. അവിടെയുള്ള ക്രിസ്ത്യാനികൾ പള്ളിയിൽ കൂടുകയും ദൈവതിരുമുമ്പാകെ ഉപവസിച്ച് പ്രാർത്ഥിക്കുകയും ദൈവമാതാവിൻെറ മധ്യസ്ഥതയെ യാചിക്കുകയും ചെയ്തു. അവസാനത്തെ ദിവസത്തിൽ വി. കുർബാന സമയത്ത് ചക്രവർത്തി മരിച്ചു എന്ന് അവിടുത്തെ എപ്പിസ്കോപ്പായ്ക്ക് വെളിപാടുണ്ടായി. അങ്ങനെ സത്യവിശ്വാസികളായ ജനങ്ങൾ രാജ കോപത്തിൽ നിന്നും രക്ഷപ്പെട്ടു. ഇങ്ങനെ കിഴക്കൻ ഭാഗങ്ങളിൽ ഈ നോമ്പ് തുടർച്ചയായി ആചരിക്കുവാൻ തുടങ്ങി.

ഓരോ ഇടവകയും തീർത്ഥാടകരുടെ സമൂഹമാണ് Paroikia അഥവാ Parish എന്ന വാക്ക് വിശാലമായ അർത്ഥം പേറുന്നു. (പരദേശികളായി പാർക്കുന്നവർ, തീർത്ഥാടകരുടെ സമൂഹം, ദൈവഭവനത്തോട് അടുത്തവർ എന്നിങ്ങനെ)

നമ്മുടെ ഈ യാത്രയിൽ പ. അമ്മ ഒരു സമുദ്ര നക്ഷത്രമായി (star of the sea) നമ്മെ വഴി നയിക്കട്ടെ. പ, ദൈവമാതാവിലുള്ള ഭക്തിയും മാതാവിൻെറ നാമത്തിലുള്ള നോമ്പിലുള്ള വിശ്വാസവും വർദ്ധിക്കുന്നതിനും അതുവഴി യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കുന്നതിനും ഇപ്രാവശ്യത്തെ നോമ്പ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹപൂർവ്വം

**ഫാ. ജിനോ വർഗീസ്**
ചക്കുംചിറയിൽ, മീനടം.



# പൗരസ്ത്യസഭയിൽ
# ദൈവമാതാവിന്റെ സ്ഥാനം

ദൈവമാതാവിന്റെ സ്ഥാനം മറ്റുള്ള പരിശുദ്ധ ഗണങ്ങളിൽ നിന്നും ഉയർന്നതാണ് എന്ന് ഓർത്തഡോക്സ് സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ ത്രിത്വത്തിൽ രണ്ടാമനായ ക്നുമ അവളിൽ നിന്നും ജഡം ധരിച്ചു മനുഷ്യനായി അവതരിച്ചു . മനുഷ്യരക്ഷയും അതിനാൽ ലോകത്തിന്റെ വീണ്ടെടുപ്പും സാധ്യമായി തീർന്നു എന്നുള്ളതാണ് അതിന്റെ പ്രാധാന്യം. തന്മൂലം അവൾ ലോകരക്ഷകന്റെ മാതാവായി തീർന്നു. ദൈവവും രക്ഷകനും നാഥനുമായവനെ അവളുടെ ഉദരത്തിൽ സ്വീകരിക്കുകയും ജഡം നൽകുകയും പ്രസവിച്ച് വളർത്തുകയും ചെയ്തതിനാൽ ലോകനാഥനെ മകനെ എന്ന് വിളിക്കുവാനുള്ള അവകാശം ലഭിച്ച ഏക സ്ത്രീ രത്നമാണ് കന്യകമറിയാം.
അതിനാൽ ദൈവത്തെ വഹിച്ചവൾ (ദൈവപ്രസവിത്രി – തിയോറ്റോക്കോസ്) എന്ന് വിശുദ്ധ പിതാക്കന്മാർ അവളെ സംബോധന ചെയ്തു.

എന്നാൽ കന്യകമറിയാം ഒരിക്കലും ഒരു ദേവിയല്ല. ക്രിസ്തുവിന്റെ സ്ഥാനത്തും ആ പദവിയിലും കന്യകയെ പ്രതിഷ്ഠിക്കാൻ സാധിക്കുകയില്ല. പക്ഷേ അവൾ പരിശുദ്ധന്മാരുടെ രാജ്ഞിയാണ്. പുത്രനോടു ഏറ്റവും അടുത്തു നിൽക്കുവാൻ കൃപ ലഭിച്ചവൾ. അവളുടെ മധ്യസ്ഥതക്കു ഫലസിദ്ധി അനവരതവും അനർഗളവും ആണ്. ആരും ആവശ്യപ്പെട്ടില്ലെങ്കിലും എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുന്നവളും ആകുന്നു. അതാണ് കാനാവിലെ കല്യാണത്തിനു വീഞ്ഞു തീർന്നപ്പോൾ ആരും അറിയാതെ മാദ്ധ്യസ്ഥത വഹിച്ച കന്യക മറിയാമിന്റെ മഹത്വം.
രണ്ടാമത്തെ ഹവ്വ എന്നും രണ്ടാം സ്വർഗ്ഗം എന്നും അവൾ വിളിക്കപ്പെടുന്നു. എരിഞ്ഞു പോകുന്ന മുൾപടർപ്പിലെ എരിയാതുള്ള മുൾമരമെന്നും പ്രതീകാത്മകമായി കന്യകയെ വിളിക്കുന്നു. മറിയാം നിത്യകന്യകയും അതേസമയം മാതാവും ആകുന്നു. സഭയുടെ പ്രതീകമായും കന്യകമറിയാമിനെ കണക്കാക്കപ്പെടുന്നു.
ദൈവമാതാവിന്റെയും മറ്റു വിശുദ്ധന്മാരുടെയും എല്ലാ വിശ്വാസികളുടെയും ജനന നാളിനല്ല മറിച്ചു മരണനാളിനാണ് സഭ പ്രാധാന്യം നൽകുന്നതെന്നും ഓർത്തിരിക്കേണ്ടതുണ്ട്.

കർത്താവിനെ സ്നേഹിക്കുന്നവർ തന്റെ ഇഷ്ടന്മാരെയും സ്നേഹിക്കണം. കർത്താവിനെ പത്തുമാസം ഉദരത്തിൽ വഹിച്ചു പരിപാലിച്ച് പ്രസവിച്ച് മുലയൂട്ടി വളർത്തിയ മാതാവിനെ അവഗണിക്കുന്നവർ കർത്താവിനെയും അവഗണിക്കുന്നു എന്നതിനു സംശയമില്ല.
കർത്താവിനോടു ചേർന്നിരിക്കുന്ന ആർക്കും മറ്റുള്ളവരിൽ നിന്നും അന്യപ്പെട്ടിരിക്കുക സാധ്യമല്ല (എഫെ. 2 19–22 )

സ്നേഹത്തോടെ

**ജോസഫ് ചീനിക്കാല**

കത്തീഡ്രൽ ട്രസ്റ്റി










## Summer Fiesta'13 - Finale












നമ്മുടെ ഇടവകയുടെ സ്ഥാപക അംഗവും
മുൻ ട്രസ്റ്റിയുമായ കല്ലൂപ്പാറ പാറപ്പള്ളിൽ
പി.സി. വർഗ്ഗീസ് (അട്ടാവി വർഗീസ്)
അനുസ്മരണം











Fare well to P. C. Perumal & Family





Fare well to P. C. Perumal & Family From St. Pauls












## Indo Bahrain Family Meet-2 at Kottayam
















MARIAN HOUSING PROJECT

**MONACHEN P.G**
(Cathedral Roll. No. 2029)
PULIMOOTTIL KATTIL
PADEETTETHIL
VALIAKULANGARA P.O,
KULANJI ,KARAZHMA
MAVELIKARA



**PRAKASH**
(Cathedral Roll. No. 1893)
KANKALIL HOUSE
CHEPPAD P.O,
EVOOR NORTH,
ALLEPPEY (Dist)



**SARAMMA PHILIP**
( Cathedral Roll. No. 1800)
THEKKETHIL HOUSE
EDAPPAVOOR P.O,
AYROOR,
PATHANAMTHITTA (Dist)



പ്രിയരെ

നമ്മുടെ കർത്താവിൻെറ മറുരൂപപ്പെരുന്നാളും വി. കന്യകമറിയം അമ്മയുടെ വാങ്ങിപ്പു പെരുന്നാളും സമുചിതമായി ഇടവക കൊണ്ടാടി. നോമ്പാചരണ കാലത്ത് നടന്ന മദ്ധ്യസ്ഥ പ്രാർത്ഥനയിലും, ധ്യാനപ്രസംഗങ്ങളിലും വന്നു സംബന്ധിച്ച എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. വി. നോമ്പാചരണങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. അനീഷ് പീറ്റർ ജോൺ ശെമ്മാശ്ശനോടും, എല്ലാ ആദ്ധ്യാത്മിക സംഘടനാ ഭാരവാഹികളോടുമുള്ള പ്രത്യേക നന്ദിയും അറിയിക്കുന്നു.

ഒന്നര മാസക്കാലത്തിലധികമായി നടന്നു വന്ന ഇടവകയുടെ ഈ വർഷത്തെ സമ്മർ ക്യാമ്പിൻെറ (ഗ്രാൻഡ് ഫിനാലെ) ആഗസ്റ്റ് മാസം 16 ാം തീയതി ഇസാ ടൗൺ ഇൻഡ്യൻ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. അതിൽ പങ്കെടുത്ത കുട്ടികളേയും വിവിധ കലാപരിപാടികൾ നടത്തിയ കുട്ടികളേയും ക്യാമ്പിന് നേതൃത്വം നൽകിയ ബഹു. അനീഷ് പീറ്റർ ജോൺ ശെമ്മാശ്ശനെയും മാനേജിംഗ് കമ്മറ്റി കോ-ഓർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ. മോൻസി വർഗ്ഗീസ് ഒപ്പം പ്രവർത്തിച്ച എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ഇതിൻെറ പ്രവർത്തനങ്ങൾക്ക് സഹകരിച്ച എല്ലാ ഇടവകാംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

മുൻ വർഷങ്ങളിലെന്ന പോലെ ഈ വർഷവും എട്ടു നോമ്പ് സമുചിതമായി ആചരിക്കുന്നു. വചന ശുശ്രൂഷക്ക് നേതൃത്വം നൽകുന്ന ജിനോ വർഗ്ഗീസച്ചനെ ഇടവകയിലേക്ക് സ്വാഗതം ചെയ്യുന്നു. എല്ലാവരും നേർച്ചകാഴ്ച്ചകളോടു കൂടി വി.ദേവാലയത്തിലേക്ക് കടന്ന് വന്ന് എട്ടു നോമ്പാചരണത്തോടനുബന്ധിച്ചു നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയിലും വി. കുർബ്ബാനയിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

നമ്മുടെ ഇടവകയിലെ സീനിയർ മെമ്പറായിരുന്ന ശ്രീ. പി. സി പെരുമാളിന് ഇടവകയുടെ നാമത്തിൽ ഉചിതമായ യാത്ര അയിപ്പ് നൽകി.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ സ്ലീബാ ജയത്തിൻെറ അടയാളവും ശത്രുവാകുന്ന ദുഷ്ടൻെറ നേരെ തോൽക്കാത്ത ആയുധവും ആണ്. സ്ലീബാ എന്നതിനർത്ഥം മരണത്തേയും പാപത്തേയും പിശാചിനേയും ശാപത്തെയും എല്ലാം ജയിച്ച് ഉയർത്തെഴുന്നേറ്റ മശിഹാ തന്നെയാണ്. ഇടവകയിൽ സ്ലീബാ പെരുന്നാൾ ഈ മാസം 14ാം തീയതി ശനിയാഴ്ച്ച് വി. കുർബ്ബാനയോടും പ്രത്യേക ശുശ്രൂഷയോടും കൂടി നടത്തപ്പെടുന്നതാണ്.

സ്നേഹപൂർവ്വം

രെഞ്ചി മാത്യു

ഇടവക ആക്ടിംഗ് സെക്രട്ടറി.

ചർച്ച് ഏരിയാ സൗത്തിൽ താമസിക്കുന്ന ശ്രീ.ഷാജി വർഗീസിൻെറയും അമേരിക്കൻ മിഷൻ ഏരിയായിൽ താമസിക്കുന്ന ശ്രീ സണ്ണി വർഗീസിൻെറയും മാതാവ് ചിന്നമ്മ വർഗീസ് (76 വയസ്സ്) 02/09/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സെൻറ് മേരീസ് ഓർത്ത്ഡോക്സ് കത്തീഡ്രൽ, പുത്തങ്കാവ് വച്ച് നടത്തപ്പെട്ടു.

---

ചർച്ച് ഏരിയാ സൗത്തിൽ താമസിക്കുന്ന ശ്രീ. തോമസ് പി. മാത്യുവിൻെറ പിതാവ് പി. സി. മാത്യു 9/08/2013 കർത്താവിൽ നിദ്ര പ്രാപിച്ചു . ശവസംസ്കാരം സെൻറ് മേരീസ് ഓർത്ത്ഡോക്സ് ചർച്ച് പാണ്ടംകരി, നിരണത്തു വെച്ച് നടത്തപ്പെട്ടു.

---

നമ്മുടെ ഇടവകയുടെ സ്ഥാപക അംഗമായിരുന്നതും എക്സ് ട്രസ്റ്റിയുമ്മായിരുന്ന പി സി വർഗീസ് (അട്ടാവി വർഗീസ്) 13/08/2013 കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം നടത്തപെട്ടു.

---

റിഫാ / സിത്ര ഏരിയായിൽ താമസിക്കുന്ന ശ്രീ. തോമസ് സി. യുടെ ഭാര്യാ മാതാവ് മേരികുട്ടി സെബാസ്റ്റ്യൻ 22/08/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സെൻറ് ആൻറണീസ് ചർച്ച് കായംകുളത്ത് നടത്തപ്പെട്ടു.

---

സൽമാനിയാ ഏരിയായിൽ താമസിക്കുന്ന ശ്രീ. സാജൻ നൈനാൻെറ പിതാവ് പി. എൻ. നൈനാൻ (85 വയസ്സ് ) 25/08/2013 കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം എടത്വ ആനപറമ്പിൽ സെൻറ് ജോർജ്ജ് ഓർത്ത്ഡോക്സ് ചർച്ചിൽ വെച്ച് നടത്തപ്പെട്ടു.

---

ഗുദേബിയാ ഏരിയായിൽ താമസിക്കുന്ന ശ്രി. തോമസ് വർഗീസിൻെറ ഭാര്യാപിതാവ് പി. കുര്യൻ 25/08/2013 ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം സെൻറ് മേരീസ് ഓർത്ത്ഡോക്സ് ചർച്ച് ഹരിപ്പാട്ട് വെച്ച് നടത്തപ്പെട്ടു.

---

## തുർക്കിയിലേക്കൊരു തീർത്ഥയാത്ര

ദിവ്യബോധനം യൂണിറ്റിൻെറ ആഭിമുഖ്യത്തിൽ വേദപുസ്തകചരിത്രം ഉറങ്ങിക്കിടക്കുന്ന തുർക്കിയിലേക്കൊരു തീർത്ഥയാത്ര. 2013 ഒക്ടോബർ മാസം 11 മുതൽ 18 വരെ. ദൈവമാതാവിൻെറ എഫെസോസിലെ വീട്,സഭാ സുന്നഹദോസുകൾ നടന്ന സ്ഥലങ്ങൾ,വി. പൗലോസിൻെറ ജന്മസ്ഥലം, വെളിപാട് പുസ്തകത്തിലെ സഭകൾ, ചരിത്രപ്രസിദ്ധമായ പള്ളികൾ, അപ്പോസ്തോലന്മാരുടെ പ്രവർത്തന സ്ഥലങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ദിവ്യബോധന യൂണിറ്റ് അംഗങ്ങളുമായി ബന്ധപ്പെടുക.

**K.E.Varghese: 36807890 Roy Baby : 39941420**

---

ദിവ്യബോധനം P.O.C.E ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും വൈകിട്ട് 8.00 ന് കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.
D.O.C.E ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ച്ചയും വൈകിട്ട് 8:00 നും കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു.

---

പള്ളിപരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്ത് പരിസരവാസികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

# HOLY LAND VISIT

*Please Contact:-*

**Shibu C. George**
Secretary(Youth Movement)
Mob: 39689639

**Binu Pappachan**
Co-Ordinator
Mob: 39198193

സെൻറ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
ST.THOMAS ORTHODOX YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
KINGDOM OF BAHRAIN

## സ്മൃതി SMRUTHI
കലാ കായികമേള
ARTS & SPORTS FESTIVAL
2013

സ്മൃതി 2013 ൻെറ ഫിനാലെ സെപ്റ്റംബർ 27ാം തീയതി വൈകിട്ട് 5 മണിക്ക് കേരളാ സമാജത്തിൽ വെച്ച് നടത്തപ്പെടുന്നു.ആൻറണി ജോൺ, ആന്മേരി (Idea Star Singers Fame) ഗാനമേളയും ഉണ്ടായിരിക്കുന്നതാണ്, ഏവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്

**Shibu C. George**
Secretary
Mob: 39689639

**Anu T. Koshy**
Gen. Convener
Mob: 37749100



St. Geevarghese Mar Dionysius Vattasseril

www.facebook.com/ocymbahrain



എട്ടുനോമ്പ് ആചരണത്തിനായി കടന്നുവന്ന
റവ. ഫാദർ ജിനോ വർഗ്ഗീസിന്
കത്തീഡ്രലിലേക്ക് സ്വാഗതം

| Date | Time | Area | Address /Venue |
|---|---|---|---|
| 09/09/2013 | 7.30 P M | Isa Town / Salmabad | **Mr. Sam Joseph**<br>Flat: 28, Bldg 628,Blk:208<br>Mob: 36430264 |
| 13/09/2013 | 4.30 P M | Gafool – Khamis | **Mr. Mathew M.G. (Saji)**<br>Flat:12, Bld: 354, Rd: 5617, Blk:356<br>Waqf Building , Mob: 39214640 |
| 13/09/2013 | 5.30 P M | Hoora | **Hosted by Mr. Jose M.K.**<br>Theophilus Hall, SMIOC ,<br>Mob: 39151068 |
| 13/09/2013 | 6.00 P M | Gudabiya | **Mr. Binoy Simon Varghese**<br>Flat:11,Bldg:1171, Rd: 833,Blk:308<br>Mob: 36500115 |
| 13/09/2013 | 7.30 P M | American Mission | **Mr. Mathew Varghese Vaidyan (Abi)**<br>Flat:1, Bldg:B-596, Rd:918,Blk: 309,<br>Near Koren Embassy, Mob: 39891283 |
| 20/09/2013 | 4.30 P M | Sugaiya / Zinj | **Mr. Mathew K.M.**<br>Flat:11, Bldg:60,Rd:3001,Blk: 330<br>Zinj, Mob:36300159 |
| 20/09/2013 | 6.00 P M | Adliya/Ummalhassam | **Hosted by Mr. Abu Thomas Zachariah**<br>Theophilus Hall, SMIOC ,<br>Mob: 39642130 |
| 20/09/2013 | 7.30 P.M | Muharraq | **Mr. Jeemson P.**<br>Flat11: 22, Bldg: 334, Blk: 203<br>Behind BMMI Bank,Mob: 39277197 |
| 27/09/2013 | 12:00 Noon | Riffa / Sitra | **Dr. George Mathew**<br>Bld: 418,Blk: 925,Rd: 2516,<br>East Riffa, Mob: 39469102 |
| (Date to be Announced) | | Church Area South | **Mr. Biju C. Alex**<br>Flat:24, Bldg: 205, Blk: 311<br>Mob:39274567 |
| | | Salmaniya | **Mr. Vallaythu Thomas Mathai**<br>Theophilus Hall, SMIOC ,<br>Mob: 36262535 |
| | | Sh.Hammad Lulu | To be Announced |
| | | Manama | To be Announced |
| | | Church Area North | To be Announced |

# Favours Received







**P.O. Daniel & Selin Daniel**

# Favours Received



Toby & Neena



Sreya Sosa John



Joy George & Lilly Joy



A.O. Johny & Santha Johny
Jaisson Johny
Jenson Johny



Jose Varghese & Sheeba Jose
Celeste Jose
Christabel Jose , Celin Jose



Well Wisher